# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ഒക്ടോബർ 3**

**October 3**

**2018**

***1193 കന്നി 17 ബുധൻ***

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ഗാന്ധിജയന്തി ദിനത്തിൽ വൃദ്ധ ദമ്പതികൾക്ക് വഴിയൊരുക്കി വിദ്യാർത്ഥികൾ**

വഴിയില്ലാതെ ജീവിതം വഴിമുട്ടിയ വൃദ്ധ ദമ്പതികളുടെ കുടുംബത്തിന് വഴിയൊരുക്കി ഒരു പറ്റം വിദ്യാർത്ഥികൾ മാതൃകയായി. ഗാന്ധിജയന്തി വാരാചരണത്തോടനുബന്ധിച്ച് അടൂർ കൈതപ്പറമ്പ് കെവിവിഎസ് കോളേജിലെ വിദ്യാർത്ഥികളാണ് സന്നദ്ധ സേവനത്തിലൂടെ വേറിട്ട മാതൃക സൃഷ്ടിച്ചത്. വർഷങ്ങളായി വീട്ടിലേക്കുള്ള വഴി കാടുപിടിച്ച് ദുരിതം പേറുകയായിരുന്നു ഏനാത്ത് കൈതപറമ്പ് കിഴക്കേതിൽ വീട്ടിലെ മാധവനും പങ്കജാക്ഷിയും. പ്രധാന റോഡിൽ നിന്ന് കല്ലും മുള്ളും നിറഞ്ഞ് കാടുകയറിയ ഇടുങ്ങിയ നടവഴിയിലൂടെ വേണം ഇവരുടെ വീട്ടിലെത്താൻ. വാർദ്ധക്യസഹജമായ അസുഖം മൂലം ഊന്നുവടിയുടെ സഹായത്തോടെ മാത്രമേ ഇവർക്ക് നടക്കാൻ കഴിയൂ. 82 വയസുള്ള മാധവനും 72 വയസുള്ള ക്യാൻസർ രോഗിയായ പങ്കജാക്ഷിക്കും സ്വന്തമായി വഴി വൃത്തിയാക്കാൻ ശേഷിയുള്ളവരായിരുന്നില്ല. വിദ്യാർത്ഥികളുടെ കാരുണ്യത്താൽ വഴി ഒരുങ്ങിയതോടെ ജീവിതത്തിന് പുതുവെളിച്ചം ലഭിച്ചുവെന്ന് ഇരുവരും പറഞ്ഞു. രോഗം കലശലായാൽ ആശുപത്രിയിലെത്തിക്കണമെങ്കിൽ ചുമന്ന് റോഡിലെത്തിക്കണം. ഏകമകൾ വിവാഹശേഷം അകലെയാണ് താമസിക്കുന്നത്. സഞ്ചാരയോഗ്യമായ വഴിയില്ലാത്തതു കാരണം രോഗബാധിതരായ ഈ വയോധികർ ഏറെ ദുരിതത്തിലായിരുന്നു. ഇതിനിടയിലാണ് വീടിന് സമീപമുള്ള ചില കോളേജ് വിദ്യാർത്ഥികളുടെ ശ്രദ്ധയിൽ ഈ കാര്യം പെട്ടത്.പിന്നീട് വിദ്യാർത്ഥികൾ അധ്യാപകരുമായി സംസാരിച്ച് വഴി വൃത്തിയാക്കുവാൻ തീരുമാനിക്കുകയായിരുന്നു. കോളേജ് പ്രിൻസിപൽ റോബിൻ ചാക്കോ പൂർണ പിന്തുണയുമായി വിദ്യാർത്ഥികൾക്കൊപ്പം നിന്നു. 20 പേരടങ്ങുന്ന ഒരു സംഘം

വിദ്യാർത്ഥികൾ ഒരു ദിവസം നീണ്ട ശുചീകരണ പ്രവർത്തനത്തിലൂടെ വഴി പൂർണ സജ്ജമാക്കി കൊടുത്തു. വീട്ടിലേക്കുള്ള വഴി കുട്ടികളുടെ ഇടപെടലിലൂടെ സഞ്ചാര യോഗ്യമായതിന്റെ സന്തോഷത്തിലാണ് ഇന്ന് ഈ വൃദ്ധ ദമ്പതികൾ.

(പിഎൻപി 4182/18)

## പ്രളയത്തിൽ നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ ഇന്ന് (4) തിരുവല്ലയിൽ അദാലത്ത്

പ്രളയത്തിൽ നഷ്ടപ്പെട്ട വിവിധ സർട്ടിഫിക്കറ്റുകളുടെ ഡ്യൂപ്ലിക്കേറ്റുകൾ നൽകുന്നതിന് ജില്ലാ ഭരണകൂടവും സംസ്ഥാന ഐടി മിഷനും സംയുക്തമായി ഇന്ന് തിരുവല്ല ഡയറ്റിൽ രാവിലെ 10 മുതൽ അഞ്ച് വരെയാണ് അദാലത്ത് നടത്തും. ജില്ലാ കളക്ടർ പി.ബി. നൂഹ് ഉദ്ഘാടനം ചെയ്യും. പ്രളയത്തിൽ നഷ്ടപ്പെട്ട ആധാർ കാർഡ്, എസ്എസ്എൽസി സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, വാഹനരജിസ്ട്രേഷൻ രേഖ, പ്രമാണങ്ങൾ, ഇൻഷുറൻസ് രേഖകൾ, ആരോഗ്യഇൻഷുറൻസ് കാർഡ്, ജനന-മരണ, വിവാഹ രേഖകൾ, ഇ-ഡിസ്ട്രിക്ട് സംവിധാനത്തിലൂടെ ലഭിക്കുന്ന രേഖകൾ തുടങ്ങിയവയുടെ പകർപ്പുകളാണ് സൗജന്യമായി ലഭിക്കുന്നത്. എസ്എസ്എൽസിയുടെ 2001 മുതലുള്ള സർട്ടിഫിക്കറ്റുകൾ മാത്രമേ ലഭിക്കൂ. അതിന് മുമ്പുള്ളവ ലഭിക്കുന്നതിന് പഠിച്ച സ്കൂളുകളുമായി ബന്ധപ്പെടണം. അദാലത്തിനെത്തുന്നവർ പേര്, ബന്ധപ്പെടേണ്ട വകുപ്പ് തുടങ്ങിയ വിവരങ്ങൾ കൗണ്ടറിൽ നൽകി ടോക്കൺ കൈപ്പറ്റണം. അദാലത്ത് സംബന്ധിച്ച വിശദവിവരം കൗണ്ടറിൽ ലഭിക്കും. (പിഎൻപി 4183/18)

## വാച്ച്മാൻ ഒഴിവ്

ജില്ലയിൽ പട്ടികവർഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളിൽ രണ്ട് വാച്ച്മാൻ തസ്തികകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. 18നും 41നും മധ്യേ പ്രായമുള്ള പട്ടികവർഗക്കാരായിരിക്കണം അപേക്ഷകർ. ഏഴാം ക്ലാസ് പാസായവരും പ്ലസ്ടുവിൽ കവിയാത്ത വിദ്യാഭ്യാസയോഗ്യതയുള്ളവരുമായിരിക്കണം. അപേക്ഷ ഈ മാസം 15നകം റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ ലഭിക്കണം. ഫോൺ: 04735 227703. (പിഎൻപി 4184/18)

## ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതി സമയബന്ധിതമായി നടപ്പാക്കും: ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

ജില്ലാ പഞ്ചായത്തിന്റെ 2019- 20 ലെ വാർഷിക പദ്ധതി സർക്കാർ നിർദേശ പ്രകാരം സമയബന്ധിതമായി നടപ്പാക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പറഞ്ഞു. ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതി രൂപീകരണ യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു പ്രസിഡന്റ്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളുടെ പുനർനിർമാണത്തിന് പ്രാധാന്യം നൽകുന്ന രീതിയിലായിരിക്കും പദ്ധതികൾ ആസൂത്രണം ചെയ്യുക. ജില്ലയിലെ നിരവധി തദ്ദേശഭരണസ്ഥാപനങ്ങളിൽ പ്രളയം രൂക്ഷമായ കെടുതികൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ തദ്ദേശഭരണസ്ഥാപനങ്ങളിൽ നടപ്പാക്കുന്ന പദ്ധതികൾ ദുരിതബാധിതർക്ക് ആശ്വാസമേകാൻ കഴിയുന്നവയാണെന്ന്ഉറപ്പുവരുത്തും.

പ്രളയവുമായി ബന്ധപ്പെട്ട് 2018-19 ലെ വാർഷിക പദ്ധതിയിൽ ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകൾ സംബന്ധിച്ചും 2019-20ലെ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് നടത്താവുന്ന പദ്ധതികൾ സംബന്ധിച്ചും യോഗം വിശദമായി ചർച്ച ചെയ്തു. 2019-20ലെ വാർഷിക പദ്ധതി നവംബർ ഡിസംബർ മാസങ്ങളിൽ തയാറാക്കി ഡിസംബർ 31ന് മുമ്പ് ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങുവാൻ സർക്കാർ നിർദേശം ലഭിച്ചിട്ടുണ്ട്. ഈ സമയപരിധിക്കുള്ളിൽ വാർഷിക പദ്ധതി തയാറാക്കി അംഗീകാരം വാങ്ങുന്നതിന്

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്രത്യേകം ശ്രദ്ധിക്കണമെന്നും പ്രസിഡന്റ് പറഞ്ഞു.

ജില്ലാ പഞ്ചായത്ത് ഈ വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 35 ശതമാനം ചെലവഴിച്ചു. ബാക്കിതുക ചെലവഴിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുകയാണ്.

പദ്ധതി രൂപീകരണത്തിനായി 18 വർക്കിംഗ് ഗ്രൂപ്പുകളാണ് നിലവിൽ ഉള്ളത്. പ്രളയ സാഹചര്യത്തിൽ സർക്കാർ നിർദേശ പ്രകാരം ജൈവ വൈവിധ്യ മാനേജ്മന്റ്, ദുരന്ത നിവാരണം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉൾപ്പെടുത്തി പുതിയ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചു. നിലവിലെ ഏറ്റെടുത്ത പദ്ധതികളുടെ മർഗ്ഗരേഖയിൽ മാറ്റമൊന്നുമില്ല. ജനപ്രതിനിധികൾ, ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിങ് ഗ്രൂപ്പ് അംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിയാണ് യോഗം നടന്നത്. പുതിയ പദ്ധതികൾക്കായി ഇവർ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങൾ പ്രകാരം അനുമതി നൽകും.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമൻ കൊണ്ടൂർ, ആരോഗ്യ വിദ്യാഭ്യാസ സ്ഥാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ കെ ജി അനിത, വികസനകാര്യ സ്ഥാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എലിസബത്ത് അബു, ക്ഷേമ കാര്യ സ്ഥാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ലീല മോഹൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ വിനീത അനിൽ, സാം ഈപ്പൻ, പി വി വർഗീസ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ ജി ജയശങ്കർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 4185/18)

## സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ലോക്കറിൽ സൂക്ഷിക്കണം: ജില്ലാ കളക്ടർ

സർട്ടിഫിക്കറ്റുകളും രേഖകളും പരമാവധി ഡിജിറ്റൽ ലോക്കർ സംവിധാനത്തിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കണമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ്. പ്രളയത്തിന്റെ ഭാഗമായി നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ വീണ്ടെടുക്കുന്നതിനായി കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ച താലൂക്ക്തല അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു കളക്ടർ. ഡിജിറ്റൽ ലോക്കർ സംവിധാനത്തിലൂടെ ക്ലൗഡ് സെർവർ സാങ്കേതിക വിദ്യ ഉപയോഗിച്ച് സർട്ടിഫിക്കറ്റുകൾ ഡിജിറ്റലായി സൂക്ഷിക്കുവാൻ കഴിയും. ഭാവിയിൽ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെടുന്ന പ്രതിസന്ധിയുണ്ടായാൽ അത്തരം സാഹചര്യത്തിൽ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കാൻ സാധിക്കും. പ്രളയത്തിൽ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ട പൊതുജനങ്ങൾ അദാലത്തുകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തണമെന്നും കളക്ടർ പറഞ്ഞു. അദാലത്തിനെത്തിയ അപേക്ഷകരെ നേരിൽ കണ്ട് പ്രശ്നങ്ങൾ മനസിലാക്കി പരിഹാരത്തിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ച ശേഷമാണ് കളക്ടർ മടങ്ങിയത്. അദാലത്തിലെത്തിയവരിൽ ഭൂരിഭാഗവും ആധാരവും ആധാർ കാർഡും നഷ്ടപ്പെട്ടവരായിരുന്നു. ഐ ടി മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ 25 അക്ഷയ സംരംഭകരും ഉദ്യോഗസ്ഥരും അടങ്ങുന്ന അക്ഷയ ടീം കർമ്മനിരതരായി അദാലത്തിനാവശ്യമായ എല്ലാ സാങ്കേതിക സംവിധാനങ്ങളും സേവനങ്ങളും ഉറപ്പാക്കി. കോഴഞ്ചേരി ഗ്രാമപഞ്ചയത്ത് പ്രസിഡന്റ് മിനി ശ്യാം മോഹൻ അധ്യക്ഷത വഹിച്ചു. എഡിഎം പി.ടി. എബ്രഹാം, കോഴഞ്ചേരി തഹസിൽദാർ ചന്ദ്രശേഖരക്കുറുപ്പ്, എൽ ആർ തഹസിൽദാർ സതിയമ്മ, ഐടി മിഷൻ ജില്ലാ പ്രോജക്ട് മാനേജർ കെ.ധനേഷ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ആധാർ, റേഷൻകർഡ്, മോട്ടോർ വാഹന വകുപ്പ് രേഖകൾ, ചിയാക്ക്, പഞ്ചായത്ത് രജിസ്ട്രേഷൻ, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ, ഇ-ഡിസ്ട്രിക്ക്, ഇലക്ഷൻ ഐഡി, എസ് എസ് എൽ സി, ഇൻഷുറൻസ് എന്നിവയുമായി ബന്ധപ്പെട്ട രേഖകളാണ് അദാലത്തിലൂടെ വീണ്ടെടുത്ത് നൽകുന്നത്. (പിഎൻപി 4186/18)

## പ്രളയക്കെടുതി: തദ്ദേശഭരണ സ്ഥാപനങ്ങളുടെ തുകവിനിയോഗത്തിന് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു

പ്രളയക്കെടുതി നേരിടുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വളരെപ്രധാനമായ ചുമതലയുള്ള സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിരിക്കുന്ന ബജറ്റ് വിഹിതം ഏറ്റവും ഗുണപരമായ പദ്ധതികൾക്ക് വിനിയോഗിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് നിർദേശിച്ചു. അത്യാവശ്യമില്ലാത്തതും മാറ്റിവയ്ക്കാവുന്നതുമായ പദ്ധതികൾക്കും നിരസിച്ച പ്രോജക്ടുകൾക്കും വകയിരുത്തിയ വിഹിതം പ്രളയക്കെടുതിമൂലം നശിച്ച ആസ്തികൾ പുനസൃഷ്ടിക്കുന്നതിന് ഉപയോഗിക്കണം. ഈ കാര്യത്തിൽ ജില്ലാ ആസൂത്രണസമിതിയും പ്രളയക്കെടുതി ബാധിച്ച തദ്ദേശഭരണ സ്ഥാപനങ്ങളും പ്രത്യേകം ജാഗ്രത പാലിക്കണമെന്നും നിർദേശമുണ്ട്. പ്രളയംമൂലം നാശനഷ്ടം സംഭവിച്ചിട്ടില്ലാത്ത ജില്ലകളിലും തദ്ദേശഭരണസ്ഥാപനങ്ങളിലും വാർഷിക പദ്ധതിയിൽ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാനല്ലാതെ അഴിച്ചുപണി നടത്തരുതെന്നും നിർദേശമുണ്ട്. പ്രളയം ബാധിക്കാത്ത പ്രദേശങ്ങളിൽ പ്രളയക്കെടുതിമൂലമുള്ള പുനർനിർമാണ പ്രോജക്ടുകൾ ഏറ്റെടുക്കരുതെന്നും നിർദേശമുണ്ട്. ആലപ്പുഴ ജില്ലയിലെ പാണ്ടനാട്, തിരുവൻവണ്ടൂർ, പത്തനംതിട്ട ജില്ലയിലെ റാന്നി തുടങ്ങിയ പഞ്ചായത്തുകളിൽ പ്രളയത്തെതുടർന്ന് കംപ്യൂട്ടർ അടക്കമുള്ള ഉപകരണങ്ങൾ നശിച്ചുപോയിട്ടുള്ള സാഹചര്യത്തിൽ ഇത്തരം ഉപകരണങ്ങൾ റിപ്പയർചെയ്തോ വാങ്ങിയോ ഓഫീസ് പ്രവർത്തനം സുഗമമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കാൻ നിർദേശിച്ചിട്ടുണ്ട്. കുട്ടനാട് പ്രദേശത്ത് കുടിവെള്ളവിതരണത്തിന് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ക്രമീകരണം ചെയ്യണമെന്നും നിർദേശമുണ്ട്. പ്രളയമേഖലയിലെ തകർന്ന റോഡുകൾ പുനർനിർമിക്കുന്നതിന് തുക തികയാതെവന്നാൽ പുതിയ റോഡുകൾക്കുള്ള പ്രോജക്ട് ഒഴിവാക്കി തുക കണ്ടെത്താം. ഗതാഗതം പുനസ്ഥാപിക്കുക, കെട്ടിടങ്ങളുടെ റിപ്പയറിംഗ് എന്നിവയ്ക്ക് അടിയന്തര പ്രാധാന്യം നൽകണം. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ അർഹരായവർക്ക് എത്തുന്നതിന് സഹായകരമായ വിവരങ്ങൾ പൊതുജനങ്ങളിലെത്തിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾ വിപുലമായ പ്രചാരണം നടത്തണം. പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ ഇവയെ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണം. ഇൻഷുറൻസ് പരിരക്ഷയുള്ള കന്നുകാലികൾ നശിച്ചുപോയിട്ടുണ്ടെങ്കിൽ ഇവയുടെ ഇൻഷുറൻസ് തുക വാങ്ങി നൽകുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളും വെറ്ററിനറി ഡോക്ടർമാരും പ്രത്യേക ഇടപെടലുകൾ നടത്തണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രളയക്കെടുതി നേരിടുന്നതിന് സർക്കാർ വകുപ്പുകളിലെയും മറ്റ് മേഖലകളിലെയും വിഭവ സ്രോതസ്സുകൾ ഉപയോഗിച്ച് റോഡുകൾ, സ്കൂൾ കെട്ടിടം, അങ്കണവാടി കെട്ടിടം, ടോയ്‌ലറ്റുകൾ തുടങ്ങിയവയുടെ പുനർനിർമാണവും അറ്റകുറ്റപ്പണികളും നടത്തുകയും എംപിമാരുടെ പ്രാദേശിക വികസന ഫണ്ട്, എംഎൽഎമാരുടെ പ്രാദേശിക വികസന ഫണ്ട് തുടങ്ങിയവ പരമാവധി പ്രയോജനപ്പെടുത്തണം. ഇപ്പോഴുണ്ടായ പ്രളയത്തിന്റെ അനുഭവം ഉൾക്കൊണ്ട് ഭാവിയിൽ പ്രളയം ബാധിക്കാത്ത പ്രദേശങ്ങളിൽ വിവിധോദ്ദേശ്യകമ്മ്യൂണിറ്റി ഹാളുകൾ നിർമിക്കുന്നതിനും പ്രാധാന്യം നൽകണം. നവകേരള സൃഷ്ടിയുടെ ഭാഗമായി സ്വകാര്യസംരംഭകരെക്കൊണ്ട് പരമാവധി ബാങ്ക് ലോൺ എടുപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കണം. സംരംഭകർക്ക് അനുവദനീയമായ മേഖലയിൽ പലിശസബ്സിഡി നൽകുന്ന മാതൃകയും അവലംബിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. (പിഎൻപി 4187/18)

## ജെസ്നയ്ക്ക് പുതിയ പ്രതീക്ഷയേകി അദാലത്ത്

നിമിഷങ്ങൾക്കുള്ളിൽ പ്രളയം കൊണ്ടുപോയ സർട്ടിഫിക്കറ്റുകൾക്ക് പകരം സർട്ടിഫിക്കറ്റുകൾ നിമിഷങ്ങൾ കൊണ്ട് നൽകിയ സർക്കാരിന് നന്ദി പറയുമ്പോൾ

ജെസ്നയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. ആഗസ്റ്റ് 15 ന് ജില്ലയെ ബാധിച്ച പ്രളയത്തിൽ നഷ്ടമായത് ഇവളുടെ സ്വപ്നങ്ങൾ കൂടിയായിരുന്നു. കുളനട പഞ്ചായത്തിലെ പള്ളി പടിഞ്ഞാറ്റേരിൽ ജെസ്ന ജോർജിന്റെ എസ്എസ്എൽസി യുടേയും പ്ലസ്ടുവിന്റേയും സർട്ടിഫിക്കറ്റുകളാണ് വീട്ടിലേയ്ക്ക് അപ്രതീക്ഷിതമായി എത്തിയ വെള്ളത്തിൽ നഷ്ടമായത്. സ്വന്തം സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി ബാഗിലായിരുന്നു ജെസ്ന സൂക്ഷിച്ചിരുന്നത്. വെള്ളം അപ്രതീക്ഷിതമായി എത്തിയപ്പോൾ ജീവനും മുറുകെ പിടിച്ച് അച്ഛനും അമ്മയും രണ്ട് സഹോദരങ്ങളുമായി ജെസ്ന വീട്ടിൽ നിന്നും സമീപത്തുള്ള മാന്തുക എൽ .പി സ ്കൂളിലെ ക്യാമ്പിലേയ്ക്ക് മാറുകയായിരുന്നു. ഒമ്പത് ദിവസങ്ങൾക്ക് ശേഷമാണ് ജെസ്നയുടെ വീട്ടിൽ നിന്നും വെള്ളമിറങ്ങിയത്. തിരികെ വീട്ടിലെത്തിയപ്പോൾ ബാഗിൽ സൂക്ഷിച്ചിരുന്ന സർട്ടിഫിക്കറ്റുകൾ ഉപയോഗശൂന്യമായിരുന്നു. ഇനി എന്ത് ചെയ്യുമെന്നറിയാതെ തുടർപഠനത്തിനു പോലും ചേരാനാകാതെ വിഷമിച്ചിരുന്നപ്പോഴാണ് സംസ്ഥാന ഐടി മിഷനും ജില്ലാ ഭരണകൂടവും സംയുക്തമായി ജില്ലയിൽ സംഘടിപ്പിക്കുന്ന അദാലത്തിനെക്കുറിച്ച് പത്രത്തിലൂടെ വായിച്ചറിഞ്ഞത്. അമ്മയ്ക്കൊപ്പം വിഷാദ മുഖത്തോടെ അസ്തമിക്കാത്ത പ്രതീക്ഷയുമായി ഏകജാലക ക്യാമ്പിലെത്തിയ ജെസ്നയ്ക്ക് ജില്ലാ വിദ്യാഭ്യാസ വകുപ്പിന്റെ കൗണ്ടറിൽ നിന്നും എസ് എസ് എൽ സി യുടെ സർട്ടിഫിക്കറ്റ് നിമിഷങ്ങൾ കൊണ്ട് ലഭിച്ചു. കൂപ്പുകൈയോടെ എല്ലാം ശരിയാക്കി തന്ന സർക്കാരിന്റെ സേവനത്തിന് നന്ദി പറയുമ്പോൾ ജെസ്നയുടെ വാക്കുകൾക്ക് പ്രളയത്തേക്കാൾ ശക്തിയുണ്ടായിരുന്നു. (പിഎൻപി 4188/18)

## ജില്ലയിൽ 109 ദുരിതാശ്വാസ ക്യാമ്പുകളിൽ

ജില്ലയിലെ പ്രളയക്കെടുതിയിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ ഇപ്പോൾ കഴിയുന്നത് 109 പേർ. കോഴഞ്ചേരി താലൂക്കിലെ ഇഎച്ച്സി കമ്മ്യൂണിറ്റി ഹാളിൽ ക്യാമ്പിൽ 23 കുടുംബങ്ങളിലെ 65 ആളുകളും തിരുവല്ല താലൂക്കിലെ കുമ്പനാട് വലിയപള്ളി ഹാളിലുള്ള ക്യാമ്പിൽ 17 കുടുംബങ്ങളിലെ 44 ആളുകളുമാണ് കഴിയുന്നത്. (പിഎൻപി 4189/18)

## ഗാന്ധിജയന്തി വാരാചരണം : ശുചീകരണം നടത്തി

ഗാന്ധിജയന്തി വാരാചരണത്തോടനുബന്ധിച്ച് പുതുശ്ശേരി ജി.എൽ.പി. സ്കൂളിൽ ശുചീകരണപ്രവർത്തനങ്ങൾ നടന്നു. സ്കൂൾ ഹെഡ്മിസ്ട്രസ് ആർ.ബിന്ദു പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. ഇരുപത് വിദ്യാർത്ഥികളടങ്ങുന്ന സംഘമാണ് സ്കൂൾ പരിസരം ശുചിയാക്കിയത്. തുടർന്ന് വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരവും പ്രസംഗമത്സരവും സംഘടിപ്പിച്ചു.

ഗാന്ധിജയന്തി വാരാചരണത്തോടനുബന്ധിച്ച് ഓമല്ലൂർ പൈവള്ളി വാർഡിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്തി. വാർഡിലെ അറുപത്തിരണ്ടാം അങ്കണവാടിയുടെ പരിസരപ്രദേശങ്ങളാണ് ശുചീകരിച്ചത്. വാർഡ് മെമ്പർ ലക്ഷ്മി മനോജ് ശുചീകരണപ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. അങ്കണവാടി വികസന സമിതി പ്രസിഡന്റ് സുരേഷ്, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് പ്രവർത്തകർ, അങ്കണവാടി വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾ തുടങ്ങിയവർ പ്രവർത്തനത്തിൽ പങ്കാളികളായി. ശുചീകരണപ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് പായസവിതരണവും നടത്തി.

ജില്ലാ ഭരണകൂടത്തിന്റെയും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെയും വിവിധ സർക്കാർ വകുപ്പുകളുടെയും ആഭിമുഖ്യത്തിൽ ഒക്ടോബർ രണ്ട് മുതലുള്ള ഒരാഴ്ചക്കാലും ഗാന്ധിജയന്തി വാരാചരണം നടക്കുകയാണ്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ആഘോഷപരിപാടികൾ ഒഴിവാക്കി ശുചീകരണ പ്രവർത്തനങ്ങൾക്കും ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കും മുൻഗണന നൽകിയാണ് ഇത്തവണത്തെ ഗാന്ധിജയന്തിവാരാചരണം നടക്കുന്നത്. (പിഎൻപി 4190/18)

## നവകേരള നിർമാണം : സാലറി ചലഞ്ചിന് പുറമേ സംഭാവന നൽകി കെ.എസ്.ഇ.ബിയിലെ രണ്ട് ഉദ്യോഗസ്ഥർ

നവകേരള നിർമ്മാണത്തിനായി കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ കൈത്താങ്ങ്. കെ.എസ്.ഇ.ബിയിലെ സീനിയർ സൂപ്രണ്ടുമാരായ ബാജികുമാർ, സുലേഖ എന്നിവരാണ് 25000 രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തത്. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ടി.എസ് സന്തോഷ് കുമാർ സംഭാവന ഏറ്റുവാങ്ങി. സാലറി ചലഞ്ചിന്റെ ഭാഗമായി ഒരു മാസത്തെ ശമ്പളം സംഭാവന നൽകുന്നതിന് പുറമെയാണിത്.

(പിഎൻപി 4191/18)

## അടൂർ ശുദ്ധജലവിതരണപദ്ധതി :ഡക്റ്റൈൽ പൈപ്പുകൾ സ്ഥാപിക്കാൻ അനുമതി ലഭിച്ചു – ചിറ്റയം ഗോപകുമാർ എം.എൽ.എ

നീണ്ട കാത്തിരിപ്പിനൊടുവിൽ അടൂരിലെ ശുദ്ധജലവിതരണ പദ്ധതിയുടെ പഴയ പൈപ്പ് മാറ്റിയിടാനുള്ള നടപടിക്ക് അനുമതി കിട്ടിയതായി അടൂർ എം.എൽ.എ ചിറ്റയം ഗോപകുമാർ അറിയിച്ചു. ഇതിനായി 5.74 കോടി രൂപ അനുവദിച്ചതായി അദ്ദേഹം പറഞ്ഞു. കെ.പി റോഡിൽ അടൂർ ഹൈസ്കൂൾ ജംഗ്ഷൻ മുതൽ പറക്കോട് വരെയും പറക്കോട് മുതൽ പട്ടാഴി മുക്ക് വരെയും പട്ടാഴി റോഡിൽ കിളിക്കൂട് വരെയും അവിടെ നിന്ന് ഐവർകാല റോഡിൽ പറക്കോട് മുതൽ പരുത്തിപ്പാറ വരെയുമുള്ള ഏഴര കിലോമീറ്ററിനിടയിലാണ് പഴയ പൈപ്പുകൾ മാറി ഡക്റ്റൈൽ അയൺ പൈപ്പുകൾ സ്ഥാപിക്കുന്നത്. മുൻപ് എ.സി പൈപ്പുകൾ ആയതിനാൽ വെള്ളം ശക്തിയായി പമ്പ് ചെയ്യാനാകില്ലായിരുന്നു. കൂടാതെ ഇടയ്ക്കിടെ പൈപ്പുകൾ പൊട്ടി കുടിവെള്ളം മുടങ്ങിയിരുന്നു. മുൻപ്, ഈ പൈപ്പ് ലൈൻ മാറ്റിയിടുന്നതിനായി ഏഴരക്കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പണി നടക്കാതെ നീണ്ട് പോകാനിടയായി. പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പൈപ്പുകൾ ഇറക്കിയിട്ട് രണ്ട് വർഷത്തോളമായിരുന്നു. പുതിയ പൈപ്പുകൾ ഇറക്കിയിട്ടിട്ടും മാറ്റി സ്ഥാപിക്കാൻ കാലതാമസം എടുത്തത് റോഡ് വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട ജല അതോറിറ്റി പി.ഡബ്ല്യു.ഡിക്ക് തുക അടയ്ക്കാത്തത് മൂലമായിരുന്നു. നിരന്തരമായ അപേക്ഷയെ തുടർന്ന് അടൂർ എം.എൽ.എ നിയമസഭയിൽ സബ്മിഷൻ നൽകിയതിനെ തുടർന്നാണ് ഭരണാനുമതി ലഭിച്ചത്. പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതോടെ ഉയർന്ന ഇടങ്ങളിലും മറ്റും കൂടുതൽ വെള്ളം ലഭിക്കുന്നതിനും പൈപ്പുകൾ പൊട്ടാനുള്ള സാധ്യത വളരെ കുറവുമാണ്. ഇവ റോഡിന് ഇരുവശങ്ങളിലും സ്ഥാപിക്കുന്നതിലൂടെ റോഡിന് കേടുപാടുണ്ടാകുകയില്ലായെന്നതും ഇത്തരം പൈപ്പുകളുടെ പ്രത്യേകതയാണ്. പൈപ്പിടൽ പണികൾ ഉടൻ ആരംഭിക്കുമെന്ന് എം.എൽ.എ പറഞ്ഞു. പദ്ധതി വേഗം പൂർത്തീകരിക്കുന്നതിന് ജലവിഭവ വകുപ്പ് മന്ത്രി മാത്യു.ടി.തോമസിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ഉടൻ ചേരുമെന്നും അദ്ദേഹം പറഞ്ഞു.

(പിഎൻപി 4192/18)

## ഏഴിക്കാട് ഖാദി ഉൽപാദന കേന്ദ്രത്തിന്റെ പുനഃസമർപ്പണം ഉദ്ഘാടനം ചെയ്തു

ഗ്രാമങ്ങളിൽ താമസിക്കുന്നവർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയെന്നതാണ് ഖാദി ബോർഡിന്റെ ലക്ഷ്യമെന്ന് ഖാദി ബോർഡ് വൈസ് ചെയർപേഴ്സൺ ശോഭന ജോർജ് പറഞ്ഞു. പ്രളയത്തിൽ പൂർണമായി തകർന്ന ഏഴിക്കാട് ഖാദി ഉൽപാദന കേന്ദ്രത്തിന്റെ പുനസമർപ്പണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ശോഭന ജോർജ്. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുമ്പോൾ അത് പൂർണമായും സഹായമാകുന്നത് സ്ത്രീകൾക്കാണെന്നും, വിപണിയിൽ അവശ്യകതയുള്ള ഉത്പന്നങ്ങൾ നെയ്താൽ പ്രത്യേക ശമ്പള വർദ്ധനവ് ഉണ്ടാകുമെന്നും അവർ പറഞ്ഞു. പ്രളയത്തിനു ശേഷം പ്രവർത്തനം ആരംഭിക്കുന്ന കേരളത്തിലെ തന്നെ ആദ്യത്തെ ഖാദി യൂണിറ്റ് ആണ് ഏഴിക്കാട് ഖാദി ഉല്പാദന കേന്ദ്രം.

പ്രളയത്തിൽ 45000 രൂപയുടെ പത്തു തറികൾ, 13000 രൂപ വരുന്ന 50 ചർക്കകൾ, സ്ലൈവർ എന്നിങ്ങനെ 20 ലക്ഷം രൂപയുടെ നഷ്ടമാണ് ഉല്പാദന കേന്ദ്രത്തിന് ഉണ്ടായത്. എന്നാൽ ഒരു മാസം കൊണ്ട് പഴയ പ്രൗഢി തിരിച്ചുപിടിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ് ഏഴിക്കാട് ഖാദി ഉല്പാദന കേന്ദ്രം. പുതിയ 25 ചർക്കകൾ ഉപയോഗിച്ചാണ് ഇവർ നൂല് നൂൽപ്പ് ആരംഭിച്ചത്. ഗാന്ധി ജയന്തി വരാചാരണത്തിന്റെ ഭാഗമായി ഖാദി യൂണിറ്റും പരിസര ശുചീകരണം നടത്തി. ആറന്മുള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആയിഷ പുരുഷോത്തമൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഖാദി ബോർഡ് ഡയറക്ടർ എം സുരേഷ് ബാബു, ഖാദി വർക്കേഴ്സ് ഫെഡറേഷൻ പ്രസിഡന്റ് അമൃതം ഗോകുലൻ, വാർഡ് മെമ്പർമാരായ സോമവല്ലി, സൂസൻ സാമുവൽ, ഖാദി പ്രൊജക്റ്റ് ഓഫീസർ പി റ്റി അനുമോദ് തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 4193/18)

## അടൂരിൽ പുതിയ പാലം : നിർമാണം ഉടൻ ആരംഭിക്കും

അടൂരിൽ പുതിയ പാലത്തിന്റെ നിർമാണം ഉടൻ ആരംഭിക്കുമെന്ന് ചിറ്റയം ഗോപകുമാർ എം.എൽ.എ പുതിയപാലം വരുന്നതോടെ ടൗണിന്റെ മുഖച്ഛായ തന്നെ മാറുമെന്നും അദ്ദേഹം പറഞ്ഞു. ഇതിനായി പത്ത് കോടി രൂപയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ഒക്ടോബർ പതിനാലിനകം എഗ്രിമെന്റ് വയ്ക്കുമെന്ന് അദ്ദേഹം പറഞ്ഞു. എഗ്രിമെന്റ് പൂർത്തിയാക്കുന്ന മുറയ്ക്ക് പണികൾ ഉടൻ ആരംഭിക്കും. വർഷങ്ങൾക്ക് മുൻപാണ് അടൂരിൽ പഴയ പാലം പൊളിച്ച് പുതിയ പാലം നിർമ്മിച്ചത്. വാഹനപ്പെരുപ്പം മൂലം ഗതാഗത കുരുക്ക് രൂക്ഷമായതിനെ തുടർന്ന് പുതിയപാലം നിർമ്മിക്കണമെന്നുള്ള ആവശ്യം ഉയർന്ന് വരികയായിരുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തിയാണ് പാലം നിർമ്മിക്കുന്നത്. പുതിയ പാലം നിർമ്മിക്കുന്നതിന് സമാന്തരമായി നിലവിൽ മറ്റൊരു പാലമുണ്ട്. ഈ പാലം പാർക്കിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്കായി വിനിയോഗിക്കും. പാലത്തിന് ഇരുവശത്തായി ശാസ്ത്രീയമായ നടപ്പാത , ഓടകൾ, അപ്രോച്ച് എന്നിവയും നിർമ്മിക്കും. മണ്ണ് പരിശോധനയുൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി എസ്റ്റിമേറ്റ് എടുത്തതിന് ശേഷം പണികൾ ഉടൻ ആരംഭിക്കും. കൂടാതെ യാത്രക്കാർക്കുള്ള വെയ്റ്റിംഗ് ഷെഡും ഇതിനൊപ്പം നിർമ്മിക്കും. പുതിയ പാലം വരുന്നതോടെ ടൗണിലെ ഗതാഗതകുരുക്കിന് ശാശ്വതപരിഹാരമാകുമെന്നും എം.എൽ.എ പറഞ്ഞു. (പിഎൻപി 4194/18)

## കളക്ടർ ഇടപെട്ടു, ശോഭാ സോമന്റെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം

പ്രളയത്തെ തുടർന്നുണ്ടായ നിരവധി പ്രശ്നങ്ങളുമായാണ് ആറന്മുള പാതാമണ്ണിൽ ശോഭാ സോമൻ അദാലത്തിലെത്തിയത്. ജില്ലാ കളക്ടറെ നേരിൽ കണ്ട് തന്റെ സങ്കടങ്ങൾ ഓരോന്നായി നിറകണ്ണുകളോടെ അറിയിച്ചു. താമസിയാതെ കളക്ടർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചു വരുത്തി അടിയന്തിര നടപടികൾക്കുള്ള നിർദ്ദേശം നൽകി. ഒരു വർഷം മുമ്പ് ഭർത്താവ് മരിച്ച ശോഭയും മകൾ ക്ഷേമയും അടങ്ങുന്ന കുടുംബത്തിലേയ്ക്ക് അപ്രതീക്ഷിതമായാണ് പ്രളയം ദുരന്തമായി കടന്നെത്തിയത്. വീട് പൂർണമായി മുങ്ങിയപ്പോൾ മകളുടെ ഉന്നത വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടതിൽ നിരാശയോടെ നോക്കിയിരിക്കാൻ അവർ തയ്യാറായില്ല. വെള്ളപ്പൊക്കത്തെ തുടർന്ന് 27 ദിവസം ബന്ധുവീട്ടിൽ താമസിച്ചതിനു ശേഷം മടങ്ങിയെത്തി തകർന്നു പോയതെല്ലാം കൂട്ടിയോജിപ്പിക്കാൻ ശ്രമിക്കവേയാണ് അദാലത്തിനെക്കുറിച്ച് അറിയാൻ ഇടയായത്. പിന്നെ ഒട്ടും താമസിച്ചില്ല നേരെ അദാലത്തിലേയ്ക്ക്. ഉടൻ തന്നെ പണം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി കളക്ടർ സ്വീകരിച്ചു. അദാലത്തിലൂടെ നഷ്ടപ്പെട്ട രേഖകളും തിരികെ ലഭിച്ചപ്പോൾ ഇരട്ടി സന്തോഷത്തോടെ കളക്ടർക്ക് നന്ദി പറഞ്ഞ് അവർ മടങ്ങി.

(പിഎൻപി 4195/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) ജില്ലാ പഞ്ചായത്ത് വാര്‍ഷിക പദ്ധതി രൂപീകരണയോഗത്തില്‍ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂര്‍ണാദേവി സംസാരിക്കുന്നു.
2) കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളില്‍ സംഘടിപ്പിച്ച താലൂക്ക്തല അദാലത്ത് ജില്ലാ കളക്ടര്‍ പി.ബി.നൂഹ് ഉദ്ഘാടനം ചെയ്യുന്നു.
3) കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളില്‍ സംഘടിപ്പിച്ച താലൂക്ക്തല അദാലത്തില്‍ നിന്ന്
4) പ്രളയത്തില്‍ തകര്‍ന്ന ഏഴിക്കാട് ഖാദി ഉല്‍പാദന കേന്ദ്രത്തിന്റെ പുനസമര്‍പ്പണം ഖാദി ബോര്‍ഡ് വൈസ് ചെയര്‍പേഴ്സണ്‍ ശോഭന ജോര്‍ജ് ഉദ്ഘാടനം ചെയ്യുന്നു.
5) അടൂര്‍ കൈതപ്പറമ്പ് കെവിവിഎസ് കോളേജിലെ വിദ്യാര്‍ത്ഥികള്‍ വൃദ്ധ ദമ്പതികള്‍ക്കായി വഴി വൃത്തിയാക്കുന്നു.






**ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ഒക്ടോബർ 3**<br>**October 3** | **2018** |

***1193 കന്നി 17 ബുധൻ***

## പത്രക്കുറിപ്പ്-2

**www.prd.kerala.gov.in**, **diopta1@gmail.com** **ഫോൺ0468-2222657**

**കാരുണ്യഗ്രാമം പദ്ധതി : സൗജന്യ മരുന്ന് വിതരണ ഉദ്ഘാടനം ഒക്ടോബർ ആറിന്**

രോഗികൾക്ക് ആശ്വാസമേകുന്നതിനുവേണ്ടി ഏഴംകുളം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന കാരുണ്യഗ്രാമം പദ്ധതിക്ക് തുടക്കമാകുന്നു. സൗജന്യ മരുന്ന് വിതരണപദ്ധതി ആറിന് രാവിലെ 11 മണിയ്ക്ക് ഏഴംകുളം എംസൺ ആഡിറ്റോറിയത്തിൽ ഫിഷറീസ് വകുപ്പ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്യും. ഏഴംകുളം ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരും മാരകരോഗങ്ങൾ മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികളെ സഹായിക്കുന്നതിനു വേണ്ടി പഞ്ചായത്ത് ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന നൂതനപദ്ധതിയാണ് കാരുണ്യഗ്രാമം. മാരകരോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, വൃക്കസംബന്ധമായ രോഗം, കരൾ സംബന്ധമായ രോഗം, ന്യൂറോ സംബന്ധമായ രോഗം, തൈറോയിഡ് എന്നീ രോഗങ്ങളുള്ള എണ്ണൂറിലധികം രോഗികളാണ് പഞ്ചായത്തിലുള്ളത്. ഇവർക്ക് പലപ്പോഴും തുടർ ചികിത്സ ചിലവേറിയതായി മാറിയിരിക്കുകയാണ്. രോഗികൾ ഉപയോഗിച്ച് വരുന്ന മരുന്നുകൾ എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ ഭാഗമായി നൽകും. പേര് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ രോഗികൾക്കും ഹെൽത്ത്കാർഡ് നൽകും. മരുന്നുകൾ രോഗികൾക്ക് കൈതപ്പറമ്പിലുള്ള ഗ്രാമപഞ്ചായത്ത് പ്രാഥമികാരോഗ്യകേന്ദ്രം വഴിയാണ് സൗജന്യമായി നൽകുന്നത്. ഇതിനോടകം 856 രോഗികളാണ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. രോഗികൾക്ക് തുടർ ചികിത്സയുടെ ഭാഗമായി സൗജന്യമായി മരുന്ന് വാങ്ങി നൽകുന്നതിന് 30.50 ലക്ഷം രൂപയാണ് ഗ്രാമപഞ്ചായത്ത് വകയിരുത്തിയിട്ടുള്ളത്.

സർക്കാർ സ്ഥാപനമായ കെ.എം.സി.എസ്.എൽ വഴിയാണ് മരുന്ന് വാങ്ങി വിതരണം ചെയ്യുന്നത്.

രോഗികൾക്കുള്ള ഹെൽത്ത് കാർഡ് വിതരണം ചിറ്റയം ഗോപകുമാർ എംഎൽഎ നിർവ്വഹിക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിജുരാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിക്കും.

(പിഎൻപി 4196/18)

## ഉപതെരഞ്ഞെടുപ്പ്: യോഗം ചേർന്നു

പത്തനംതിട്ട നഗരസഭയിലെ കുലശേഖരപതി വാർഡിലേക്കും പന്തളം നഗരസഭയിലെ കടയ്ക്കാട് വാർഡിലേക്കും നടക്കുന്ന ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കളക്ടറേറ്റിൽ യോഗം ചേർന്നു. ഈ മാസം 15 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാം. ആക്ഷേപങ്ങൾ 26ന് തീർപ്പ് കൽപ്പിച്ച് 27ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. 2018 ജനുവരി ഒന്നിന് 18 വയസ് തികഞ്ഞവർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാം. ഉപതെരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേക്ക് പ്രവാസി ഭാരതീയരുടെ വോട്ടർപട്ടിക പ്രത്യേകം തയാറാക്കും. ഇതിനുള്ള അപേക്ഷകൾ www.lsgelection.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

യോഗത്തിൽ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ പി.അജന്തകുമാരി, പത്തനംതിട്ട നഗരസഭാ സെക്രട്ടറി എ.എം.മുംതാസ്, പന്തളം നഗരസഭാ സെക്രട്ടറി എസ്.സനൽ എന്നിവർ പങ്കെടുത്തു. (പിഎൻപി 4197/18)

## നവകേരള നിർമിതിക്കായി പെൻഷൻ തുക നൽകി വിമുക്തഭടൻ

നവകേരള നിർമിതിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി വിമുക്തഭടൻ മാതൃകയായി. അങ്ങാടിക്കൽ സ്വദേശിയായ കെ.കെ.ധർമജനാണ് ഒരു മാസത്തെ പെഷൻ തുകയായ 23464 രൂപയുടെ ചെക്ക് കളക്ടറേറ്റിലെത്തി ജില്ലാ കളക്ടർക്ക് തുക കൈമാറിയത്. പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് കൈത്താങ്ങാകുവാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുവാൻ തയാറായ അദ്ദേഹത്തിന്റെ മാതൃക അനുകരണീയമാണെന്ന് ജില്ലാ കളക്ടർ പറഞ്ഞു.

(പിഎൻപി 4198/18)

## ഗാന്ധിജയന്തി വാരാചരണം: റോഡുകൾ വൃത്തിയാക്കി വിദ്യാർഥികൾ മാതൃകയായി

ഗാന്ധിജയന്തി വാരാചരണത്തോടനുബന്ധിച്ച് കല്ലൂപ്പാറ പഞ്ചായത്തിലെ ചെങ്ങരൂർ സെന്റ് തെരേസാസ് ബഥനി ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ സ്കൂൾ ജംഗ്ഷൻ മുതൽ മല്ലപ്പള്ളി വരെയുള്ള റോഡ് വൃത്തിയാക്കി. വാരാചരണത്തോടനുബന്ധിച്ച് ബോധവത്ക്കരണ ക്ലാസ്, ക്വിസ് മത്സരം എന്നിവയും നടന്നു. സ്കൂളിലെ എണ്ണൂറോളം വിദ്യാർഥികൾ ശുചീകരണത്തിൽ പങ്കെടുത്തു. (പിഎൻപി 4199/18)

## നിലയ്ക്കലിൽ 25 ലക്ഷം ലിറ്റർ അധികജലസംഭരണത്തിനുള്ള സംവിധാനം ഒരുക്കും

ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടന കാലത്ത് നിലയ്ക്കലിൽ 25 ലക്ഷം ലിറ്റർ അധികജലം സംഭരിക്കുന്നതിനുള്ള സംവിധാനമൊരുക്കുമെന്ന് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി.തോമസ് പറഞ്ഞു. നിലയ്ക്കലും പമ്പയിലും ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയായിരുന്നു മന്ത്രി. നിലവിൽ 40 ലക്ഷം ലിറ്റർ ജലം സംഭരിക്കുന്നതിനുള്ള ശേഷിയാണ് നിലയ്ക്കലിലുള്ളത്. ഇതിന് പുറമേയാണ് 25 ലക്ഷം ലിറ്റർ അധികജലം കൂടി സംഭരിക്കുന്നതിന് സംവിധാനം ഒരുക്കുന്നത്. ഇതിനായി അഞ്ച് ലക്ഷം ലിറ്റർ വീതം ശേഷിയുള്ള മൂന്ന് സംഭരിണികളും 5000 ലിറ്റർ വീതം സംഭ

രണശേഷിയുള്ള 200 ടാങ്കുകളും സ്ഥാപിക്കും. സീതത്തോട്ടിൽ നിന്നായിരിക്കും അധിക ജലം എത്തിക്കുക. നിലയ്ക്കലിൽ നിലവിൽ ആയിരം ടാപ്പുകളിലൂടെയാണ് കുടിവെള്ളവിതരണം നടത്തിവരുന്നത്. വാട്ടർ കിയോസ്കുകൾ കൂടുതലായി സ്ഥാപിക്കുമെന്നും മന്ത്രി പറഞ്ഞു.

വെള്ളപ്പൊക്കത്തിൽ നാശനഷ്ടം സംഭവിച്ച പമ്പ ത്രിവേണി പമ്പ് ഹൗസിൽ പുതിയ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുകയാണ്. വെള്ളപ്പൊക്കമുണ്ടായാൽ പമ്പുകൾക്ക് കേടുവരാത്ത വിധം കൂടുതൽ ഉയർത്തിയായിരിക്കും പുതിയ പമ്പുകൾ സ്ഥാപിക്കുക. പമ്പാ മണൽപ്പുറത്ത് കൂടുതൽ ആർഒ പ്ലാന്റുകളും സ്ഥാപിക്കും. ജലവിഭവ വകുപ്പ് പമ്പയിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ പൂർത്തിയാകുന്നമുറയ്ക്കായിരിക്കും ആർഒ പ്ലാന്റുകൾ സ്ഥാപിക്കുക. പമ്പയിലെ കുളിക്കടവിൽ തീർഥാടകർക്ക് ആവശ്യമായ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ജലവിഭവ വകുപ്പ് സ്വീകരിക്കും. സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ മുഖ്യമന്ത്രിയെ ധരിപ്പിക്കുമെന്നും തുലാമാസ പൂജയ്ക്ക് ജലവിതരണവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ പൂർത്തിയായിട്ടുള്ളതായും മന്ത്രി അറിയിച്ചു.

ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, വാട്ടർ അതോറിറ്റി എംഡി എ.കൗശികൻ, ചീഫ് എൻജിനീയർ ജോഷി, എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീകുമാർ, പ്രോജക്ട് ചീഫ് എൻജിനീയർ ഷാജഹാൻ, ടെക്നിക്കൽ അംഗം രവീന്ദ്രൻ, ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ഷൈലു, ഫിലിപ്പ് മത്തായി തുടങ്ങിയവരും മന്ത്രിയോടൊപ്പമുണ്ടായിരുന്നു. (പിഎൻപി 4200/18)

## തൊഴിലധിഷ്ഠിത കോഴ്സ്

കെൽട്രോൺ പ്രൊഫണൽ ഡിപ്ലോമ ഇൻ ഫയർ & സേഫ്റ്റി എഞ്ചിനീയറിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ 8606139232/8075759481 എന്നീ നമ്പരുകളിലും കെൽട്രോൺ നോളെഡ്ജ് സെന്റർ, ഗവ. ഐ.ടി.ഐ, ചെന്നീർക്കര,പത്തനംതിട്ട എന്ന വിലാസത്തിലും ലഭ്യമാണ്. (പിഎൻപി 4201/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി.തോമസ് നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ സന്ദർശനം നടത്തുന്നു.
2) അങ്ങാടിക്കൽ സ്വദേശിയായ കെ.കെ.ധർമജൻ ഒരു മാസത്തെ പെൻഷൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**